# "സാദ്ധ്യതകളുടെ ദൈവം"

## ലൂക്കോസ് 1:37

''ദൈവത്തിന്നു ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ എന്നു ഉത്തരം പറഞ്ഞു.''

സെഖര്യാവ് എന്ന പുരോഹിതൻ - ഭാര്യ എലിസബേത്ത് - രണ്ടുപേരും ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളിലും, ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു. എന്നാൽ സെഖര്യാവിന്റെ കുടുംബത്തിന് ഒരു സങ്കടം ഉണ്ടായിരുന്നു. അവർക്ക് സന്താനഭാഗ്യം ലഭിച്ചിരുന്നില്ല. അതു മാത്രമല്ല രണ്ടുപേരും വയസ്സുചെന്നവരുമായിരുന്നു. എങ്കിലും അവർ പ്രാർത്ഥനയും യാചനയും നിർത്തിയില്ല. ഈ സമയത്തു ഇതാ സെഖര്യാപുരോഹിതന് ദൈവത്തിന്റെ വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ച് ധൂപം കാട്ടുവാൻ നറുക്കുവീണു. അങ്ങനെ സെഖര്യാവ് വളരെ പ്രതിഷ്ഠയോടും ഒരുക്കത്തോടും അതിവിശുദ്ധ സ്ഥലത്തു നിൽക്കുമ്പോൾ ഇതാ കർത്താവിന്റെ ദൂതൻ അവനു പ്രത്യക്ഷനായി. സെഖര്യവേ - ഭയപ്പെടേണ്ട, നിന്റെ പ്രാർത്ഥനയ്ക്കു ഉത്തരം ആയി. നിന്റെ ഭാര്യ എലിസബേത്ത് നിനക്കു ഒരു മകനെ പ്രസവിക്കും.

അസാദ്ധ്യങ്ങളുടെ മുമ്പിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന സെഖര്യാവിന് അനുഗ്രഹിക്കപ്പെട്ട ഒരു മകനെ കൊടുക്കുന്നു. കർത്താവായ യേശുക്രിസ്തുവിനുവേണ്ടി വഴി ഒരുക്കുവാനായി അയയ്ക്കപ്പെട്ട യോഹന്നാൻ. ശക്തിയേറിയ പ്രവാചകൻ, ശ്രേഷ്ഠ പ്രവാചകൻ. കർത്താവു യോഹന്നാനെപ്പറ്റി പറയുന്നത്: സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരുമില്ല.

സെഖര്യാവിന്റെയും എലിസബേത്തിന്റെയും ജീവിതത്തിൽനിന്നു നമുക്കു മാർഗ്ഗദർശകമാകുന്ന 4 കാര്യങ്ങൾ:

1. ഇളകി മറിയുന്ന ഇന്നത്തെ ലോകത്തിൽ ദൈവസന്നിധിയിൽ നീതിയോടെ ജീവിക്കുക
2. പലപ്പോഴും നമുക്കു അസാദ്ധ്യം എന്നു തോന്നുന്ന കാര്യങ്ങളിൽ, അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കി തരുന്ന ദൈവത്തിൽ വിശ്വസിക്കുക. വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും എന്നുള്ള ആ വാഗ്ദത്തം നമ്മെ ഉറപ്പിക്കട്ടെ.

3. മടുത്തു പോകാതെ പ്രാർത്ഥിക്കുക

4. യോഹന്നാൻ ചെയ്തതുപോലെ, നശിച്ചുപോകുന്ന തലമുറയെ കർത്താവിങ്കലേക്കു കൊണ്ടു വരുവാൻ പ്രയത്നിക്കുക.

പരാമർശം :

ഉല്പത്തി 18:13

യഹോവ അബ്രാഹാമിനോടു: വൃദ്ധയായ ഞാൻ പ്രസവിക്കുന്നതു വാസ്തവമോ എന്നു പറഞ്ഞു സാറാ ചിരിച്ചതു എന്തു? യഹോവയാൽ കഴിയാത്ത കാര്യം ഉണ്ടോ?

## സിസ്റ്റർ ജോയിസ് ജോൺ തോന്നിയാമല 014